**<u>അംശദായം അടയ്ക്കുന്നത് സംബന്ധിച്ച്</u>**

| ക്രമ നമ്പർ | വിഭാഗം | അംശദായം |
|---|---|---|
| 1. | പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 300 രൂപ |
| 2. | മുൻ പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 100 രൂപ |
| 3. | പ്രവാസി കേരളീയൻ (ഭാരതം) | പ്രതിമാസം 100 രൂപ |
| 4. | *കല്പിതാംഗം | പ്രതിമാസം 50 രൂപ |

കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അംശദായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നൽകുന്ന എസ്.ബി.റ്റി അല്ലെങ്കിൽ ഇൻഡ്യൻ ബാങ്ക് - ന്റെ പിങ്ക് നിറത്തിലുള്ള ചെലാൻ മുഖാന്തരമോ (പിങ്ക്ചെലാന്റെ ഫോട്ടോ കോപ്പി എടുത്തും ഉപയോഗിക്കാവുന്നതാണ്) അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ www. pravasiwelfarefund.org. ഓൺലൈൻ വെബ്സൈറ്റ് വഴി അംശദായവും കുടിശ്ശിക വരുത്തിയാലുള്ള പിഴതുകയും അടയ്ക്കാവുന്നതാണ്. കൂടാതെ എസ്.ബി.ടി യിൽ അക്കൗണ്ട് ഉള്ളവർക്ക് ഓട്ടോ ഡെബിറ്റ് സംവിധാനം ഉപയോഗിച്ചും അംശദായം അടയ്ക്കാവുന്നതാണ്. ഈ സംവിധാനം എസ്.ബി.ടി.യുടെ ഏതെങ്കിലും ബ്രാഞ്ചിൽ സേവിഗ്സ് ബാങ്ക് അക്കൗണ്ടുള്ള അംഗങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി അംശാദായ അടവ് കാലാവധിയും നിരക്കും കാണിച്ച് ഒരു നിർദ്ദേശം ക്ഷേമനിധി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇതിന്റെ ഫോറം തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ഓഫീസിലും www. pravasiwelfarefund.org. എന്ന വെബ്സൈറ്റിലും ലഭ്യമാണ്.